**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. XVII - ഇടുക്കി പാക്കേജിലെ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നൽകിയ നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.633/14/തസ്വഭവ                    തിരുവനന്തപുരം, തീയതി, 03.03.2014

==========================================================

പരാമർശം:
1. 25.11.2013 ലെ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.
2. 08.01.2014 ലെ ഗ്രാമവികസന കമ്മീഷണറുടെ 20743/ആർ&ഐ.2/13 സി.ആർ.ഡി. നമ്പർ കത്ത്.
3. 18.02.2014 ൽ നടന്ന ചീഫ് സെക്രട്ടറി ചെയർമാനായുള്ള ടെണ്ടർ കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

2010 ൽ സാങ്കേതികാനുമതി ലഭിച്ച നബാർഡ് ആർ.ഐ.ഡി.എഫ്. XVII ഇടുക്കി പാക്കേജിലെ നാലുപ്രവൃത്തികൾക്ക് 2010 നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ടെണ്ടർ എക്സസ് നൽകിയതിന് സാധൂകരണം നൽകണമെന്ന് പരാമർശം(1) പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. 2010 നിരക്കിനേക്കാൾ താഴെ പറയും പ്രകാരം കൂടിയ നിരക്കിലാണ് ടെണ്ടർ അനുവദിച്ചത്.

| | | |
|---|---|---|
| മരിയാപുരം ഗ്രാമപഞ്ചായത്ത് | - | 19.96% |
| പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | - | 19% |
| വെളിയാമറ്റം ഗ്രാമപഞ്ചായത്ത് | - | 18% |
| ഇടവെട്ടി ഗ്രാമപഞ്ചായത്ത് | - | 15% |

2) ഇക്കാര്യത്തിൽ സാധൂകരണം നൽകുന്നതിന് പരാമർശം(2)പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ പണി റീ ടെണ്ടർ ചെയ്യുന്നതിന് 09.06.1999 ലെ സ.ഉ.(എം.എസ്.)നം.43/99/ഐ.ആർ.ഡി. പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ബാക്കി മൂന്നു പ്രവൃത്തികൾക്ക്, പരാമർശം(3)ലെ തീരുമാന പ്രകാരം, ടെണ്ടർ എക്സസ് നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കൂടാതെ പ്രവൃത്തികൾ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അധിക ബാധ്യതക്കുള്ള സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജൻ ഖോബ്രാഗഡെ,
സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ